

# ജീവിത ചതുരങ്ങൾക്കിടയിൽ



നാം കേൾക്കാത പോവുന്ന പാവപ്പെട്ടവന്റെയും, ശക്തിയില്ലാത്തവന്റെയും
ഏങ്ങലടികളും, അധികാരത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി അണിഞ്ഞൊ
രുങ്ങിയ നഗരത്തിന്റെ പച്ചപ്പുകളും ചേർത്തു വായിക്കാനുള്ള
ഒരു ശ്രമം - എഡിറ്റർ.



*ചെത്തി മിനുക്കിയ ഈ എടുപ്പ കൾ ആഢ്യതക്കും ദാരിദ്ര്യത്ത നുമിടയിൽ കനത്ത വിടവ് സൃ ഷ്ടിച്ചുവോ ?*

**സം**സ്കാരം പൂക്കളെപ്പോലെ വിടരുകയുംനിഴലുകളെപ്പോലെ തളരുകയും ചെയ്യാറുണ്ട്. അവിടെ ക്രിയാത്മകമായ പരിവർത്തനത്തിന്റെ കുതിപ്പിനും നിഷേധിയുടെ സ്വരത്തിനും അർഹിക്കുന്ന സ്ഥാനമുണ്ട്. അപ്പോൾ നാമതിനെ പുരോഗതി എന്ന പേരിട്ട് അറിഞ്ഞോ അറിയാതെയോ വിളിച്ചു പോരുന്നു.

വികസനമെന്നത് ഒരു ന്യൂനപക്ഷ ആൾക്കൂട്ടത്തിന്റെ സ്വകാര്യസ്വത്തല്ല. അതിൽ, ജീവിക്കുന്ന ഓരോ നിശ്വാസത്തിനും, കുതിപ്പിനും, കിതപ്പിനും നിസ്സീമമായ പങ്കുണ്ട്. അതില്ലാതെ വരുമ്പോൾ നാമതിനെ അധഃപതനം എന്ന് വിളിക്കുന്നു. എല്ലാം പറയാൻ തുടങ്ങിയതേയുള്ളൂ.

പരിവർത്തനം കാലഘട്ടത്തിന്റെ തേട്ടമാണ്. പക്ഷേ അതിനെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങൾ ബാഹ്യമായ മിനുക്കുപണികൾ കൊണ്ട് മാത്രം തീരുന്നുവെങ്കിൽ അതിനുമെനക്കെടുന്നവർക്ക് തെറ്റു പറ്റിയിരിക്കുന്നു. സംസ്കാരവും നാഗരികതയും അതുൾക്കൊള്ളുന്ന മനുഷ്യന്റെ സർഗാത്മകമായ ആന്തരികാനുഭൂതിയുടെ ബഹിർസ്ഫുരണമാണ്. അവിടെ ന്യൂനപക്ഷമോ ഭൂരിപക്ഷമോ ഉണ്ടാവരുത്. ഈ രംഗത്ത് മൊത്തം മനുഷ്യരുടെയും വികാരങ്ങളും വിചാരങ്ങളും ജീവിത സാഹചര്യവും മാനിക്കേണ്ടതുണ്ട്. കോഴിക്കോട് നഗരത്തെ മുൻനിർത്തി, ഒരു ദേശം മുഴുവൻ പടർന്നുകൊണ്ടിരിക്കുന്ന, ആധുനികവൽക്കരണം എന്ന പേരിൽ നടക്കുന്ന പ്രക്രിയകളുടെ ഉള്ളറകളിലേക്ക് ഒരെത്തിനോട്ടമാണ് ഞങ്ങളിവിടെ ഉദ്ദേശിക്കുന്നത്. ഇത് വെറും ഒ നിഷേധിയുടെ 'കരിങ്കണ്ണുകൾ' മാത്രമാണെന്ന ധാരണയു വരോട് ഒരു വാക്ക്, ക്ഷമിക്കണം.


നമുക്കീ വാതായനങ്ങൾ പതുക്കെ തുറക്കാം. ചക്രവാ വളരെ വിശാലമാണല്ലോ. നാമാർക്കും വഴിമാററുതല്ലോ, നാം തന്നെയല്ലേ നമ്മെ മാറ്റേണ്ടത് ? അതെ, നമ്മുടെ മൂക്കിനു കീഴെ നടക്കുന്നതെന്തും സ്വീകരിക്കുകയെന്നതും, അപ്പടി തള്ളുകയെന്നതും നമ്മുടെ സർഗ്ഗാത്മകതക്ക് നിര ന്നതല്ലല്ലോ. പക്ഷേ നാമാർക്കോ വേണ്ടി നിസ്സംഗരാവുകയാണ്.

കോഴിക്കോട് – അനന്തമായ അറബിക്കടലിന്റെ പൊന്നോളങ്ങളെത്തഴുകി അന്നൊരു വിദേശി കപ്പലിറങ്ങിയത

*ഞെളിഞ്ഞു പിരിഞ്ഞ ഈ കമാനങ്ങളുട മരവിപ്പ് നമ്മുടെ മസ്തിഷ്ക്കങ്ങളിലേക്കും അരിച്ചു കയറുന്നില്ലേ ?*



*അംബരചുംബികളുടെ*
*ശീതീകരണ മുറികളിലെ*
*ആലസ്യതക്കു താഴെ നമ്മുടെ*
*വിഴുപ്പലക്കുന്ന ഈ*
*ദോബികളുടെ രക്തത്തിന്റെ*
*ഗന്ധം അലക്കുപാറകൾക്കു*
*മാത്രമല്ലെ അറിയൂ.*




മുതൽ നൂറ്റാണ്ടുകളായി അവൾ വളരുകയായിരുന്നു. പിന്നെയത് അറേബ്യയിലൂടെയും, നബിയുടെ സന്ദേശവാഹകരാലും ഒരു പുതിയ സംസ്കാരത്തിന്റെ കർമ്മമണ്ഡലമായി മാറി. ഒപ്പനപ്പാട്ടും, ഹലുവയും, പിയാപ്ല സൽക്കാരവും, പള്ളിപ്പെരുന്നാളും, ക്ഷേത്രോൽസവവും ഇവിടെ സൗഹാർദ്ദത്തിന്റെ പുതിയ ഗാഥ രചിക്കുകയായിരുന്നു. കോഴിക്കോട് മാറിക്കൊണ്ടിരിക്കുകയാണ്. വിളക്കുമാടങ്ങളും, ആർച്ചുകളും, ജലധാരാ പ്രകടനവും കൊണ്ട് നമ്മുടെ വിശ്രമവേളകളെ ധന്യമാക്കുന്നതാണ് പുതിയ പരിഷ്കാരങ്ങൾ. പാർക്കിനുമപ്പുറം ഉയർന്നുനിൽക്കുന്നു വിശാലമായ ലൈബ്രറി കെട്ടിടം. ചിന്തയുടെയും, വായനാശീലത്തിന്റെയും രംഗങ്ങളിൽ വലിയ പരിവർത്തനം സാധ്യമാകുമാറ് വിശാലമാണ് അതിന്റെ നിർമ്മാണം.

നാമിനി തിരിച്ചുനടക്കുക. ലാവണ്യം തുളുമ്പുന്ന ഈ മുഖത്തിനു പിന്നിലെ പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് നടന്നു നീങ്ങാം. വികസനം കൊണ്ട് പൊറുതിമുട്ടുന്ന നൂറുകണക്കിന് മഹാനഗരങ്ങളിൽനിന്ന് മലബാറിന്റെ തലസ്ഥാനത്തെക്കുറിച്ച് വിലയിരുത്തി നോക്കൂ. വികസനം എവിടെ എത്തി നിൽക്കുന്നു എന്ന് നിങ്ങൾക്ക് കണ്ടെത്താനാകും.

ഇവിടെ നടക്കുന്നതെന്തും വൈരുദ്ധ്യങ്ങളാണല്ലോ. ടൗൺഹാളിൽനിന്ന് മുഴങ്ങുന്ന തത്വപ്രസംഗങ്ങൾ വെറും പതിരുകളാണെന്നതിന് നഗരം തന്നെ സാക്ഷിയല്ലേ ! പാർക്കിലിരുന്ന് ഐസ്ക്രീം നുണയുന്നവർക്കെതിർവശം, സൂര്യതാപത്തിന്റെ കാഠിന്യമേറ്റ് തങ്ങളുടെ വിയർപ്പുതുള്ളികൾകൊണ്ട് ഒരു നേരത്തെ പശിയടക്കാൻ വേണ്ടി പാടുപെടുന്ന അലക്കുകാരുടെ തേങ്ങലുകളും, ചൂടുനിശ്വാസങ്ങളും അലക്കുപാറകളല്ലാതെ, ചീറിപ്പായുന്ന വാഹനങ്ങൾകൊണ്ട് വീർപ്പുമുട്ടുന്ന നഗരം കേൾക്കാറില്ലല്ലോ ?!

വികസനവും പുരോഗതിയുമെന്ന പേരിൽ വികൃതമായ ശില്പത്തിന്റെ മുഖം മാത്രം ചെത്തിമിനുക്കിയാൽ അത് പൂർണ്ണമാകുമോ ? വികസനത്തിന്റെ പേരിൽ നടക്കുന്നതെല്ലാം വികസനമല്ലെന്ന അറിവിൽ നിന്ന് നമുക്ക് തുടങ്ങാം. മനുഷ്യ ജീവിത നിലവാരത്തിൽ വരുന്ന മാറ്റത്തിലൂടെ മാ



*എല്ലാംകണ്ട് മൂകസാക്ഷിയായി*
*ഈ വൃദ്ധമാവ് മാത്രം*




നിലം പറ്റി നില്ക്കുന്ന ഈ മരക്കുടിലുകൾ നമുക്ക് മനം പിരട്ടൽ ഉണ്ടാക്കുമല്ലേ ? ഇവിടെ താമസിക്കുന്നവരും മനുഷ്യരാണ്.

ത്രമേ വികസനത്തിന് പൂർണ്ണത കൈവരികയുള്ളൂ. പാവപ്പെട്ടവന്റെ മനസ്സിനും, ശരീരത്തിനും എവിടെ വിശ്രമിക്കാൻ സമയം? ജീവിതത്തിൽ പിടിച്ചു നിൽക്കാൻ കഴിയാതെ, തങ്ങളുടെ ചാരിത്ര്യം വിൽക്കുന്നവരുടെ എണ്ണം പെരുകിവരുമ്പോഴും നാം ശ്രദ്ധിക്കുന്നത് കടപ്പക്കല്ലുകളുടെ രൂപലാവണ്യവും, ആർച്ചുകൾ എത്രമാത്രം വളച്ചുപിരിച്ചു നിർമ്മിക്കാം എന്നതുമാണ്. പാവപ്പെട്ടവന്റെ മനസ്സിലെ തീയും, വയറ്റിലെ എരിവും ഇന്ന് മാനാഞ്ചിറയിൽ ഉയർന്നു താഴുന്ന വെള്ളത്തുള്ളികൾക്കുപോലും അപരിചിതമല്ലല്ലോ ? ജീവിതത്തിന്റെ അർത്ഥ ശൂന്യതയിൽ സ്വയം നൊന്ത് വ്രണിതരായ ആയിരങ്ങളുടെ നിലവിളികളെ മാനാഞ്ചിറയിലെ ഉല്ലാസത്തിനെത്തുന്നവർക്കറിയില്ലായിരിക്കാം. അവർക്കുവേണ്ടത് സുഖകരമായ ഒരാലസ്യമാണല്ലോ ! പുരോഗതിയെന്നത് കെട്ടിടങ്ങളുടെ വലിപ്പത്തിലും മോടിയിലുമാണെങ്കിൽ കോഴിക്കോട്ടെ ബീരാൻകോയയുടെ ഭാഷയിൽ പറഞ്ഞാൽ അത് വെറും 'ഹംക്കിത്തരമാണ്'. ഇനി മാനാഞ്ചിറ മോടിപിടിപ്പിക്കലിൽ ഏർപ്പെട്ടിരുന്ന തിരുവനന്തപുരത്തെ വാസുവിന്റെ വാക്കുകളെ കടമെടുത്താൽ "ഇവറ്റങ്ങൾക്ക് പാവപ്പെട്ടവരുടെ വയറ്റിലെ ചൂട് അറിയാൻ മേലല്ലോ". ബീഡി വീണ്ടും ചുണ്ടോടടുപ്പിച്ച് മറ്റേ കൈയിലെ ചട്ടകം കൊണ്ട് സിമന്റ് കോരിക്കൊണ്ട് കൊല്ലത്തെ സുകുമാരൻ തുടങ്ങി. "എന്തുവാ പറയാനാ.... ഈ പതിച്ച കടപ്പക്കല്ലുകളുണ്ടല്ലോ, ആ കാശു മതി അമ്പത് വീടുകൾ വെയ്ക്കാൻ"


ഒരു ശരാശരി മനുഷ്യന്റെ അഭിപ്രായപ്രകടനം എന്നതിലപ്പുറം ഒരുപാട് ഉത്തരങ്ങൾ കൂടികിട്ടേണ്ട വാക്കുകളാണ്. എല്ലാംകണ്ട്, വൃദ്ധരായ മാവുകൾ നെടുവീർപ്പിടുന്നു. കൃഷ്ണമേനോൻ തന്റെ വടി ആർക്കെതിരെയോ ഓങ്ങുന്നതായി തോന്നുന്നു. ഒടുവിൽ അദ്ദേഹവും നിരാശനായി തോറ്റുനിൽക്കുന്നു. അങ്ങകലേക്ക് കണ്ണു പായിച്ച് അർത്ഥഗർഭമായ ഒരു ഗൗരവഭാവത്തോടെ.

മനുഷ്യൻ മനുഷ്യനു മുൻപിൽ എന്നും ഒരു ചോദ്യചിഹ്നമാകാറുണ്ട്. ഞങ്ങൾ കല്ലുത്താൻ കടവ് കോളനിയിൽ എത്തിപ്പെട്ടത് യാദൃച്ഛികമായല്ല. ബൈപാസിൽ നിന്ന് കൊച്ചുകുടിലുകളെ വീക്ഷിച്ചാൽ ചിതൽപ്പുറ്റുകളെപ്പോലെ മണ്ണിൽ നിന്നൽപ്പം ഉയർന്നതായി മാത്രമെ കാണാൻ പറ്റൂ.



വല്ലപ്പോഴും കിട്ടുന്ന ഔദാര്യമാണ് ; ഈ കുടത്തിലെങ്കിലും നിറച്ചു വെയ്ക്കട്ടെ

പ്രകൃതി നല്കിയ വരദാനമിന്ന് കറുത്ത തേരട്ട പോലെ ഇരുട്ടിലേക്കിഴയുന്നു. ഇതിന്റെ ഓരം പറ്റിയാണവർ രാപ്പകൽ ജീവിക്കുന്നത്



കോളനിക്കു മുമ്പിൽ തട്ടുകട നടത്തുന്ന ബാബുവേട്ടനിലൂടെ എല്ലാ ചുരുളുകളും നിവരുകയായിരുന്നു.

വാഗ്ദാനങ്ങളുടെ വിഴുപ്പുഭാണ്ഡവും പേറി രാഷ്ട്രീയ ഭിക്ഷാംദേഹികൾ തിരെഞ്ഞെടുപ്പിന്മുമ്പ് അവിടെ വരാറുണ്ട്. നിന്ന് തിരിയാനിടമില്ലാത്ത സ്ഥലത്ത് ബ്രൗൺഷുഗറിന്റെയും, മയക്കുമരുന്നുകളുടെയും വിൽപ്പന തകൃതിയായി തന്നെ നടക്കുന്നു. രാത്രിയായാൽ പിന്നെ ഒറ്റുകാരും, പറ്റുകാരും നിരന്തരം വീടിന്റെ ഇറയത്ത് കൂടെ ചൂളിയും , പാളിയും നടക്കുന്നത് കാണാം. അവർക്ക് വേണ്ടത് അവിടെ നിന്നും ചില്ലിക്കാശിന് തന്നെ കിട്ടുമല്ലോ ?! പലപ്പോഴും നിയമപാലകരുടെ ഒത്താശയോടെ തന്നെ ബ്രോക്കർമാരും, കോൺട്രാക്ടർമാരും അവിടെ വരാറുണ്ട്. ഞങ്ങളെക്കണ്ടപ്പോൾ ബാബുവേട്ടനാദ്യം അരിശമാണ് തോന്നിയത്. "പത്രക്കാരൊക്കെ കുറെ പടങ്ങളൊക്കെ എടുത്ത് പോയതാ. നിങ്ങളീ പയ്യന്മാരെന്തിനാണിപ്പമിവിടെ വന്നത്." ബാബുവേട്ടനെന്നല്ല സ്വയബുദ്ധിയുള്ള ആരും ചോദിച്ചുപോവുന്നതാണല്ലോ ഇത്. എല്ലാവർക്കും ചൂഷണം ചെയ്യാനുള്ള വെറും ഒരു 'റോമെറ്റീരിയൽ' എന്നതിനപ്പുറം അവർക്കൊരു മോചനം എവിടെ ?

അഴുക്കുപിടിച്ച് വെള്ളം കെട്ടികിടക്കുന്ന ചതുപ്പുനിലത്താണീ നൂറുകണക്കിന് മരക്കുടിലുകൾ നിലനിൽക്കുന്നത്. തൊട്ടടുത്ത് കൂടി ഒഴുകുന്ന കൊച്ചു പുഴയാകട്ടെ മലിനവുമാണ്. എട്ടും പത്തും കുടുംബങ്ങൾക്ക് ശീലക്കൊണ്ട് മറച്ച കക്കൂസ്. നമ്മൾക്കിപ്പൊഴും ജോലിയാണാവശ്യം. കിട്ടുന്ന സമയം ചെത്തി നടക്കുമ്പോൾ നമുക്കെവിടെ ഇതൊക്കെ കാണാൻ നേരം അല്ലേ ?


ഇവിടെയും ഒരുകൂട്ടം മനുഷ്യമക്കൾ സ്വബുദ്ധി കൈവിടാതെ നിതാന്ത ജാഗ്രതയോടെ സാമൂഹ്യവിരുദ്ധരേയും, പറ്റുകാരെയും നേരിടാൻ പ്രത്യേകസെൽ രൂപീകരിച്ചിട്ടുണ്ട്. ഒന്നും പൂർണ്ണമാകുന്നില്ല.

ഹയർസെക്കണ്ടറിക്കു പഠിക്കുന്ന സുമിതയെ കണ്ടപ്പോൾ അൽപ്പം ആശ്വാസം തോന്നി. ആദ്യം വെറുപ്പോടെ ഒരു നോട്ടം. പതുക്കെ പതുക്കെ അവിടുത്തെ രഹസ്യങ്ങ



ആകെയുള്ള ഒരു തുണ്ട് സ്ഥലത്ത് ഈ കുഞ്ഞുങ്ങളുടെ ശൈശവവും ബാല്യവും കൗമാരവും ഇവന്റെ കയ്യിലെ ചക്രം പോലെ. ഈ പൂമ്പാറ്റകളുടെ സ്വപ്നങ്ങളിലെങ്കിലും നാം വിഷം കലർത്താതിരിക്കുക.

*മോനേ ഇത് ബേബീഫുഡല്ല.*
*പച്ചരിച്ചോറാണ്*



ളുടെ ചുരുളുകളഴിയുകയായിരുന്നു. ഒപ്പം ഒരു താക്കീത്– "ഇതാരോടും പറയരുത്. ഇത് പുറത്തുള്ളവരറിഞ്ഞാൽ ഇവിടുത്തെ പെൺകുട്ടികളുടെ ഭാവി നഷ്ടത്തിലാവും."

കോളനിയുടെ മറ്റേ അറ്റത്ത് താമസിക്കുന്ന ലക്ഷ്മിയുടെ പരാതി കുടിവെള്ള പ്രശ്നത്തെകുറിച്ചാണ്. ഇങ്ങനെ പ്രശ്നങ്ങളുടെ കഥ മാത്രം പറയാനറിയുന്ന ഒരു കൂട്ടം മനുഷ്യർ. പക്ഷെ നമുക്ക് വീണ്ടും ഉറക്കെ ചെണ്ട കൊട്ടി പാടാം പുതിയ ഒരു ചെത്ത് പാട്ട്. ഈ തെരുവിലെ അഴുക്ക് പിടിച്ച ഓരത്തുകൂടി കളിവണ്ടി ഉരുട്ടുന്ന കുട്ടിയുടെ അധരങ്ങളിൽ നിന്ന് ഉതിർന്നുവീഴുന്ന ഈ പാട്ടു പോലെ ബാഗിജീൻസും ഷൂസുമണിഞ്ഞ്.......

പക്ഷേ ഇവിടെ ശൂന്യമായ ഭാവിയെ നോക്കി പാടുന്ന കൊച്ചുബാല്യവും പാർക്കിലിരുന്ന് കമ്പനിയോടൊത്ത് മൂളുന്ന അതേപാട്ടും, മുതലക്കും, കുളത്തിനും മുതലക്കുളം മൈതാനിയുമായുള്ള ബന്ധം പോലെ അല്ലേ ? കല്ലുത്താൻ കടവ് കോളനി ഒന്നുമാത്രമാണെങ്കിൽ നമ്മൾക്കാശ്വസിക്കാ മായിരുന്നു. ചരിത്രത്തിലെന്നും ഒരോർമ്മത്തെറ്റ് പോലെ എല്ല വരാലും ഉപേക്ഷിക്കപ്പെട്ട ആയിരങ്ങളുടെ കഥ, കണ്ണഞ്ചിപ്പി ക്കുന്ന വർണ്ണപ്പകിട്ടിന്റെയും പ്രകാശപ്പൊലിമയുടെയും പി കിൽ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. ആകാശം മുട്ടുന്ന കോൺക്രീറ്റ് കാടുകൾക്ക് മറപറ്റിയൊഴുക്കുന്ന അ ക്കുചാലുകൾക്കിരുവശവും തിങ്ങികൂടികഴിയുന്ന എത്രഎ ജീവിതങ്ങൾ. ഈ അഴുക്കുചാലിൽ നിന്നും നിർഗളിക്കുന്ന ദുർഗന്ധവും പേറി അവർ ജീവിക്കാൻ വേണ്ടി പാടുപെടുന്നു. അപ്പോൾ പിന്നെ ഒരു ചോദ്യമുയരുന്നു. ഈ മോടി ടിപ്പിക്കൽ ആർക്കുവേണ്ടി ? ഉത്തരം ലളിതം. വിശ്രമവേള ളളവർക്കുവേണ്ടി. നമുക്കൊന്നേ ചെയ്യാനുള്ളു അവരുടെ നോവുകളെയും, നൊമ്പരങ്ങളെയും പുതിയ 'പേറ്റന്റ്' നിയമ പ്രകാരം ലോകബാങ്കിന് തീറെഴുതിക്കൊടുക്കാം. ന മത് മാത്രമാണല്ലോ ഇപ്പോൾ നേടിയ എറ്റവും വലിയ അറിവ്. തിരിച്ചറിവും, ബുദ്ധിയും,നാവും എന്നോ പിഴുതു മാറ്റി പണയത്തിലാണല്ലോ!??



*അവസാനമായി ഇതും കൂടി ഓർമ്മവെയ്ക്ക ; നീണ്ടു പോകുന്ന ഈ പ്രകാശ ഗോപുരങ്ങൾ മരവിച്ചു പോയ തിരിച്ചറിവിൽ ഒരു കൈത്തിരിയായി മാറിയെങ്കി*


# വിട്ടുപോവാത്ത അപൂർവ്വ സുന്ദര സാന്നിദ്ധ്യം

തകർന്നടിഞ്ഞുപോയ മാനവ സംസ്കാരങ്ങളേ, വിശ്വാസ പ്രമാണങ്ങളേ, പുരാതന ഋഷിവര്യൻമാരേ, പ്രവാചകന്മാരായ പ്രവാചകൻമാരേ, നമസ്കാരം.

ഞാനാരെന്ന് മനസ്സിലായോ ? മനസ്സിലായില്ലെങ്കിൽ മനസ്സിലാകേണ്ട. ഓർത്തോളു :

"ഞാൻ സുഖത്തോടെ ജീവിച്ചിരിക്കുന്നു. ഇനിയും ജീവിക്കാൻ തന്നെയാണ് ഭാവം. ഇത്വരെ ജീവിക്കാൻ എനിക്ക് ഉദ്ദേശമുണ്ടായിരുന്നില്ല. ആഗ്രഹങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.ഇപ്പോൾ ആഗ്രഹങ്ങളുടെ ചില നാമ്പുകൾ പൊട്ടിയിട്ടുണ്ട്"

മനസ്സിലായോ ?





ഇനിയും മനസ്സിലായില്ലേ ?

എങ്കിലീ കണ്ണട വെച്ച് നോക്ക്. കിറുക്കിന്റെ കണ്ണടയല്ല ഇത്. സത്യത്തിന്റെ കണ്ണട. നന്മയുടെ കണ്ണട. സ്നേഹത്തിന്റെ കണ്ണട

ഇത് വെച്ച് നോക്കുമ്പോൾ കാണും, എന്നേയും :

"മനുഷ്യനാണ് ഞാൻ. സന്യാസിയായി ജീവിതമവസാനിപ്പിച്ചാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ടായിരുന്നു. സാധിച്ചില്ല. സഞ്ചാരിയായി. ഒടുവിൽ സാഹിത്യ–എഴുത്തുകാരനായി. എന്നാൽ ഒന്നിനെപ്പറ്റിയും ജ്ഞാനമുണ്ടായിരുന്നില്ല. അനുഭവങ്ങളും ചിന്തകളുമായിരുന്നു സമ്പത്ത്."

ഇപ്പോൾ ഞാനിതാ ഈ അണ്ഡ കടാഹത്തിൽ അനന്തകോടി നക്ഷത്ര ജാലങ്ങൾക്കൊപ്പം നിത്യ സഞ്ചാരത്തിലാണ്.



പഴയ പറമ്പില്ല. മഴയില്ലാത്ത കാലങ്ങളിൽ പതി
യിരിക്കുന്ന പറമ്പില്ല. ചാരുകസേരയില്ല. മരത്തണ
ലില്ല. നിറയെ വൃക്ഷങ്ങളും പലജാതി പക്ഷികളു
അണ്ണാർക്കണ്ണൻമാരും പാമ്പുകളും കുറുക്കൻമാരു
മൊക്കെയുണ്ടെങ്കിലും
അതൊരു ചെറിയ ഭൂമിത്തുണ്ടം. ഇവിടെ :

"വേദനകളും ദുഃഖങ്ങളും സുന്ദരമായ ഒരു കാല
ഘട്ടത്തിലെത്തിച്ചേർന്നിരിക്കുന്നു. നിങ്ങളെയെല്ലാ
ലോകാലോകങ്ങളിലുള്ള എല്ലാ ജീവരാശികളെയു
ഈശ്വരൻ അനുഗ്രഹിക്കട്ടെ."

ദൈവ സാമീപ്യം പ്രാപിച്ചവർ ഇതാ, ഇങ്ങിനെ വെള്ളിയിൽ കൊത്തിയെടുത്ത പാത്രങ്ങളിൽ പഴച്ചാറുകൾ രുചിച്ചു കൊണ്ടേയിരിക്കും. പഴങ്ങൾ നിറഞ്ഞ മരങ്ങൾക്കും പരന്ന് കിടക്കുന്ന തണലുകൾക്കും ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളത്തിനുമിടയിൽ ഏറ്റവും മുന്തിയ വിരിപ്പുകളിലിരിക്കും. തുച്ഛമായ പ്രസിദ്ധിക്കു വേണ്ടിയല്ല
ഈ വാസം. അതവിടെ :
"കോടിക്കോടി അനന്തകോടി പ്രസിദ്ധർ മരിച്ചു മണ്ണടിഞ്ഞ് പോയില്ലേ? അവരെയൊക്കെ ആരാണ് ഇപ്പോൾ ഓർക്കുന്നത്?
ഓർത്തിട്ടെന്ത് ഫലം?
പ്രസിദ്ധരും പ്രസിദ്ധി ആഗ്രഹിക്കുന്നവരും ഞാനും നിങ്ങളും യാത്ര ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. പൊടുന്നനെ വീഴാൻ പോകുന്ന കാലയവനികക്കുള്ളിലക്ക്."

ഓർത്തോളൂ.



അല്ലെങ്കിൽ :

"ജീവിതം എന്ന് പറഞ്ഞാൽ എന്താണ് ?
ആലോചിച്ച് നോക്കയിട്ടുണ്ടാവുമല്ലോ.
ജീവിതം എന്ന് പറയുന്നത് ച്ചിരിപ്പിടിയോളം
ബുദ്ധിവച്ച് ആലോചിച്ച് നോക്കുമ്പോൾ
അത്ഭുതകരവും സുന്ദരവും ഗംഭീരവുമായ
മഹാസംഭവമാകുന്നു ജീവിതം." നിങ്ങളു
ടെയും ജീവിതത്തിൽ ദൈവത്തിന്റെ അനുര
ണനമുളവാക്കുന്ന സംഗീതം പൊഴിഞ്ഞു
കൊണ്ടിരിക്കട്ടെ. ആ സംഗീതം ഇടമുറിയാതെ
ഒഴുകിക്കൊണ്ടിരിക്കട്ടെ. സൃഷ്ടിയെ ചൈത
ന്യവത്താക്കട്ടെ. ഭൂമി, നിങ്ങളുടെ
ഹൃദയം,അതിന്റെ ഒരു വാദ്യമായ് മാറട്ടെ.
"നിങ്ങൾക്കെല്ലാവർക്കും വിജയം
നേരുന്നു. ദീർഘായുസ്സും. ദൈവത്തിന്റെ
എല്ലാ അനുഗ്രഹങ്ങളും നമ്മിൽ വർഷിക്കട്ടെ.
മംഗളം.

ലോകാഃ സമസ്താഃ സുഖിനോഭവന്തുഃ "



വര : പ്രഭാത്. കെ. പി.

വരി : എൻ. പി. ഹാഫിസ് മുഹമ്മദ്.